# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1019 — 01/03/2017 -ലെ മറുപടി

## ഇടക്കൊച്ചി 13,14,15, 16 വാർഡുകളിലെ ശുദ്ധജലക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കൊച്ചി കോർപ്പറേഷനിലെ ഇടക്കൊച്ചി 13,14,15,16 വാർഡുകളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനായുള്ള 300 ലക്ഷം രൂപയുടെ അരൂർ പൂജപ്പുര ജംഗ്ഷൻ മുതൽ ഇടക്കൊച്ചി പാലം തെക്കേ അറ്റം വരെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) യും (ബി) യും | പ്രസ്തുത പദ്ധതിയുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് കരാർ ഉടമ്പടി 03/2/2017-ൽ ഒപ്പുവച്ചിട്ടുണ്ട്. പ്രവൃത്തിക്കാവശ്യമായ പൈപ്പ് സംഭരിക്കുന്ന ജോലി (ഡിപ്പാർട്ട്മെന്റ് പൈപ്പ്) 03/2/2017-ൽ ആരംഭിച്ചു. അവ സ്ഥാപിക്കുന്ന പ്രവൃത്തി 21/02/2017-ൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | | |
| (സി) | പദ്ധതി പ്രദേശത്തെ പൊതുമരാമത്ത് റോഡുകൾ സഞ്ചാരയോഗ്യമല്ലാത്ത രീതിയിൽ തകർന്നിരിക്കുന്നതിനാലും പുനരുദ്ധാരണ പ്രവൃത്തികൾ ഉടനടി ആരംഭിക്കാൻ സാധ്യത ഉള്ളതിനാലും പ്രസ്തുത പ്രവൃത്തിക്കാവശ്യമായ പൈപ്പുകൾ ലഭ്യമാക്കി യുദ്ധകാലാടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/